പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 234 — 14.02.2013-ൽ മറുപടിയ്ക്ക്

## ഡാമുകളുടെ നവീകരണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നവീകരണവും പുനരുദ്ധാരണവും ആവശ്യമായ ഏതെല്ലാം ഡാമുകൾ നിലവിലുണ്ട്; | (എ) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും (28 ഡാമുകൾ) നിലവിൽ നവീകരണവും പുനരുദ്ധാരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. മലമ്പുഴ<br>2. പീച്ചി<br>3. വാളയാർ<br>4. നെയ്യാർ<br>5. മീൻകര<br>6. ചുള്ളിയാർ<br>7. മംഗലം<br>8. വാഴാനി<br>9. കല്ലട<br>10. പോത്തുണ്ടി<br>11. പമ്പ ബാരേജ്<br>12. പെരിയാർവാലി ബാരേജ്<br>13. കാഞ്ഞിരപ്പുഴ<br>14. കുറ്റിയാടി<br>15. പഴശ്ശി ബാരേജ്<br>16. മൂലത്തറ റെഗുലേറ്റർ<br>17. ശിരുവാണി<br>18. മലങ്കര<br>19. ചിമ്മിനി |

| | | |
|---|---|---|
| | | വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. ശബരിഗിരി<br>2. ഷോളയാർ<br>3. ഇടുക്കി<br>4. ചെങ്കുളം<br>5. പെരിങ്ങൽക്കുത്ത്<br>6. ഇടമലയാർ<br>7. കുറ്റ്യാടി<br>8. നേര്യമംഗലം<br>9. പള്ളിവാസൽ<br>10. പന്നിയാർ<br>11. ലോവർ പെരിയാർ<br>12. കക്കാട് |
| (ബി) പ്രസ്തുത ജോലികൾക്ക് ചെലവഴിക്കേണ്ടിവരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | ജലസേചന വകുപ്പിനു വേണ്ടി 111.7 കോടി രൂപയും സംസ്ഥാന വൈദ്യുതിബോർഡിനു വേണ്ടി 99.47 കോടി രൂപയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചു. ലോകബാങ്ക് 280 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും അതിന്റെ 80% ലോണായി നൽകുവാൻ തീരുമാനിക്കുകയും ബാക്കി 20% സംസ്ഥാന വിഹിതമായി കണ്ടെത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ തുകയിൽ 158.04 കോടി രൂപയാണ് ജലസേചന വകുപ്പിനായി നീക്കിവച്ചിട്ടുള്ളത്. |
| (സി) ഡാമുകളുടെ നവീകരണ-പുനരുദ്ധാരണ ജോലികൾക്ക് സർക്കാരിതര ഏജൻസികളുടെ സാമ്പത്തികസഹായം തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഡാമുകളുടെ നവീകരണ-പുനരുദ്ധാരണ ജോലികൾ (ഡ്രിപ്പ് പദ്ധതി) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ലോക ബാങ്ക് അംഗീകരിച്ച മൊത്തം പദ്ധതി തുകയുടെ (280 കോടി) 80% ലോക ബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ഈ പദ്ധതിക്കുള്ള 80% ധന സഹായം ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Bank) യും IBRD (International Bank for Reconstruction and Development) യും വഴി 50:50 എന്ന അനുപാതത്തിൽ വായ്പയായി ലഭിക്കുന്നു. |

| | | |
|---|---|---|
| (ഡി) ഇതിനായി എത്ര തുകയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്; നവീകരണ-പുനരുദ്ധാരണ ജോലികൾ എന്നുമുതൽ ആരംഭിക്കാൻ സാധിക്കും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഡ്രിപ്പ് പദ്ധതിയിലേയ്ക്കായി ലോകബാങ്ക് 280 കോടി രൂപ കേരളത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ജലസേചന വകുപ്പിന് അനുവദിച്ച 158 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 18.04.12-ൽ നിലവിൽ വന്നു. 6 വർഷമാണ് പദ്ധതി കാലയളവ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അണക്കെട്ടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ